## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4716 20.10.2011-ൽ മറുപടിക്ക്**

### <u>കലവറകളുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. എം.പി. വിൻസെന്റ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭവനനിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;<br><br>(ബി) കലവറകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) സംസ്ഥാനത്ത് പുതിയ കലവറകൾ ആരംഭിക്കുമോ; | (എ), (ബി), & (സി) | ഭവനനിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് സംസ്ഥാന നിർമ്മിതികേന്ദ്രം കലവറ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. നിലവിൽ പ്രവർത്തിച്ചുവരുന്ന കലവറ യൂണിറ്റുകൾ കൂടാതെ ഈ സാമ്പത്തിക വർഷം പുതിയ 14 കലവറ യൂണിറ്റുകൾ കൂടി സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. |
| (ഡി) മണൽ ശുദ്ധീകരിച്ച് കലവറകൾവഴി വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കുമോ; | (ഡി) | പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (ഇ) ഭവന നിർമ്മാണ സാമഗ്രികൾ പൊതുവിപണിയിലെ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ആവശ്യക്കാർക്ക് നൽകാൻ നടപടി എടുക്കുമോ? | (ഇ) | പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഭവനനിർമ്മാണ സാമഗ്രികൾ കലവറ മുഖാന്തിരം വില്പന നടത്തുന്നത്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ